"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സ്റ്റോർസ് പർച്ചേസ് വകുപ്പ് - കേരള ബുക്ക്സ് & പബ്ലിക്കേഷൻസ് സൊസൈറ്റി - **Fully Automatic Programmable single knife cutting machine** (രണ്ട് എണ്ണം) വാങ്ങുന്നതിനുള്ള അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സ്റ്റോർസ് പർച്ചേസ് (സി) വകുപ്പ്**

സ.ഉ.(സാധാ) നം.**91/2024/SPD** തീയതി,തിരുവനന്തപുരം, **21-08-2024**

---

പരാമർശം:- കേരള ബുക്ക്സ് & പബ്ലിക്കേഷൻസ് സൊസൈറ്റി മാനേജിംഗ് ഡയറക്ടറുടെ **14/06/2024**-തീയതിയിലെ പി1-**3451/2024/2276** നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കേരള ബുക്ക്സ് & പബ്ലിക്കേഷൻസ് സൊസൈറ്റിയിൽ നിലവിൽ ഉപയോഗിക്കുന്ന ലോട്ടറി കട്ടിംഗ് മെഷീനുകൾക്കു പുറമേ രണ്ട് ലോട്ടറി കട്ടിംഗ് മെഷീനുകൾ കൂടി **2** കോടി രൂപ ചെലവിൽ വാങ്ങുന്നതിന് **162**-മത് ഗവേണിംഗ് ബോഡി അംഗീകാരം നൽകിയിട്ടുള്ളതിനാൽ, കെബിപിഎസ്-ന്റെ തനത് ഫണ്ടിൽ നിന്നും പരമാവധി **2** കോടി രൂപ വിനിയോഗിച്ച് **Fully Automatic Programmable single knife cutting machine** (രണ്ട് എണ്ണം) വാങ്ങുന്നതിന് അനുമതി നൽകണമെന്ന് കെബിപിഎസ് മാനേജിംഗ് ഡയറക്ടർ പരാമർശപ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചു. കേരള ബുക്സ് & പബ്ലിക്കേഷൻസ് സൊസൈറ്റിക്ക് **Fully Automatic Programmable single knife cutting machine** (രണ്ട് എണ്ണം) വാങ്ങുന്നതിന് പരമാവധി **2** കോടി രൂപയ്ക്ക് ഭരണാനുമതി നൽകി ഉത്തരവാകുന്നു. പ്രസ്തുത ഇനം വാങ്ങുന്നതിലേക്കായി റീ ടെൻഡർ ചെയ്യേണ്ടതും സ്റ്റോർസ് പർച്ചേസ് മാനുവലിലെ ഖണ്ഡിക **16.7, 16.13, 16.14 ,16.15** പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതുമാണ്.

ആയതിലേയ്ക്കുള്ള ചെലവ് കെബിപിഎസ് തനത് ഫണ്ടിൽ നിന്നും വഹിക്കേണ്ടതും എല്ലാ വാങ്ങലുകളിലും സ്റ്റോർസ് പർച്ചേസ് മാനുവലിലെ വ്യവസ്ഥകൾ കൃത്യമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സ്മിത എസ്
ജോയിന്റ് സെക്രട്ടറി

1. മാനേജിംഗ് ഡയറക്ടർ, കേരള ബുക്ക്സ് & പബ്ലിക്കേഷൻസ് സൊസൈറ്റി, എറണാകുളം
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം.

3. ധനകാര്യ വകുപ്പ്
4. സ്റ്റോർസ് പർച്ചേസ് (ബി) വകുപ്പ്
5. ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ), വിവര പൊതുജന സമ്പർക്ക വകുപ്പ്.
6. കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Seetha K M
Date: 21-08-2024 13:54:13
സെക്ഷൻ ഓഫീസർ